# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 4305

03.02.2014 ൽ മറുപടിക്ക്

### ഗ്രാമീണ ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.ദിവാകരൻ | | ശ്രീ. എ.പി.അനിൽകുമാർ (ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | ടൂറിസം വികസനത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ പങ്കാളികളാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ; | എ) | ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിർമ്മാർജ്ജനം പോലെയുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കാൻ തയ്യാറായി വന്നാൽ ഗ്രാമീണ, ഇക്കോ ടൂറിസം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ അവരുടെ സാങ്കേതിക പ്രാപ്തി പരിശോധിച്ചതിന് ശേഷം ചുമതലപ്പെടുത്തുന്നുണ്ട്. കൂടാതെ, എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം എന്ന പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നാണ് നടപ്പാക്കുന്നത്. ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കേന്ദ്ര-ങ്ങളിൽ അതിന്റെ ചുക്കാൻ പിടിക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. |
| ബി) | കേന്ദ്ര സർക്കാരിന്റെ ഗ്രാമീണ ടൂറിസം പദ്ധതിയിൽ നിന്ന് എത്ര തുകയാണ് ലഭിച്ചിട്ടുള്ളത്; അതിൽ എത്രയാണ് ചെലവഴിച്ചത് ? | ബി) | ഗ്രാമീണ ടൂറിസം പദ്ധതിയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത് 2,86,53,000/- രൂപയാണ് ഇതിൽ 2,16,27,948/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ